പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1565 14.06.2013-ൽ മറുപടിക്ക്.

'കലാഗ്രാമം' പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ എ.അസീസ് | ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പഞ്ചായത്തുകളിൽ 'കലാഗ്രാമം' സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) സാംസ്ക്കാരിക വകുപ്പിൻ കീഴിലുള്ള കണ്ണൂരിലെ ഫോക് ലോർ അക്കാദമിക്ക് ചില പഞ്ചായത്തുകളിൽ കലാഗ്രാമങ്ങൾ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. |
| (ബി) കലാഗ്രാമത്തിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്? | (ബി) കേരളത്തിൽ തനത് കല, സംസ്കാരം, പാരമ്പര്യം തുടങ്ങിയവ ഭാവി തലമുറയ്ക്കുവേണ്ടി കാത്തുസൂക്ഷിക്കുക എന്നതാണ് കലാഗ്രാമങ്ങളിലൂടെ ഉദ്ദേശിക്കുന്നത്. ഗ്രാമങ്ങളിലെ വൻമരങ്ങളുടെ തണലിൽ സൃഷ്ടിക്കപ്പെടുന്ന ഒരു ഓപ്പൺ സ്റ്റേജിൽ നാടൻ കലാരൂപങ്ങൾ അവതരിപ്പിക്കപ്പെടുന്നതിലൂടെ കേരളത്തിൽ നിലനിന്ന് പോരുന്ന നാടൻ കലാരൂപങ്ങൾ പുനർജ്ജനിക്കുന്നതിനും അതിലൂടെ ഓരോ ഗ്രാമപഞ്ചായത്തിലെയും ജനതയുടെ കൂട്ടായ്മയും സഹകരണവും പരസ്പര ധാരണയും വളർത്തുന്നതിനും സമൂഹത്തിൽ നിലനിൽക്കുന്ന അനാചാരങ്ങളായ മദ്യവും മയക്കുമരുന്നും പോലെയുള്ള സാമൂഹ്യ വിപത്തുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ